**Weekly Devotion - July 2019**

# Cruse of water (Gensis(21:14-15)

## *(വെള്ളം നിറയ്ക്കുന്ന തുരുത്തി)*



യഹൂദന്മാർ മരുഭൂയാത്രയിൽ ഉപയോഗിച്ചിരുന്ന പുകയത്തുവച്ച തുരുത്തിയെപ്പറ്റിയാണ് നാം ചിന്തിച്ചത് .ഓരോപ്രാവിശ്യത്തെയും ഉപയോഗം കഴിഞ്ഞ് തുരുത്തി പുകയത്തുതന്നെ സൂക്ഷിക്കുന്നു. തുരുത്തിക്ക് കേട് സംഭവിക്കാതിരിപ്പാനാണ് ഇപ്രകാരം ചെയ്യുന്നത്. ദൈവത്തിൽ വിശ്വാസമുള്ളവനും ,അവിശ്വാസിയും ഒരുപോലെ തങ്ങളുടെ പ്രതികൂലത്തിൽ അഥവാ ആപൽഘട്ടങ്ങളിൽ ദൈവത്തെ വിളിക്കുന്നു. ഇവിടെയാണ് ഒരു സഹായകന്റെ ആവശ്യം. സഹായിക്കുവാൻ അഥവാ രക്ഷിക്കുവാൻ വരുന്ന വ്യക്തിയുടെ വാക്കനുസരിച്ചാൽ മാത്രമേ ഫലം ഉണ്ടാകുന്നുള്ളു. ഒരിക്കൽ പർവ്വതാരോഹണത്തിനു പോയ ഒരു അവിശ്വാസി കാൽവഴുതി ഉയരത്തിൽ നിന്നും താഴേക്ക് വീണു. ഒരു മരക്കൊമ്പിൽ ഭാഗ്യവശാൽ പിടിലഭിച്ച അയാൾ സഹായത്തിനായി നിലവിളിച്ചു. നിലവിളികേട്ട് അവിടെ എത്തിയ ബലവാനായ ഒരു മനുഷ്യൻ താഴേക്കു ചാടുവാൻ പല ആവർത്തി പറഞ്ഞു.നീ ആ പിടിവിട്ടാൽ മാത്രം മതി ഞാൻ നിന്നെ കൈകളിൽ വഹിക്കാം എന്ന് ഉറപ്പു നൽകിയിട്ടും അയാൾ പിടിവിടാതെ വേറെ ആരെങ്കിലുമുണ്ടോ എന്ന് ചോദിച്ച് വീണ്ടും വിളിതുടങ്ങി. ആരെയും സഹായത്തിന് ലഭിക്കാതെ രാത്രിയിലെ ദുഷട മൃഗങ്ങൾക്ക് അയാൾ ഇരയായി തീർന്നു. പഴയ പലതും വിടുവാൻ തയ്യാറാകാതെ പഴയ അവസ്ഥയിൽ തന്നെ രക്ഷകന്റെ ശബ്ദം കേൾക്കാതെ അലഞ്ഞു നടക്കുന്നവരാണോ നാം? ചിന്തിക്കുക.

ബെർശേബാ മരുഭൂമിയിലും നിലവിളി ഉയർന്നു, അത് ഹാഗാറിന്റെയും മകന്റെയുമായിരുന്നു. ആ നിലവിളി മരണത്തെ മുന്നിൽ കണ്ടുള്ളതായിരുന്നു. നിർജ്ജലീകരണം മരണത്തിന് കാരണമാക്കും. അബ്രഹാമിന്റെ ദാസിയായ ഹാഗാർ, അബ്രഹാമിന് അവളിലുണ്ടായ മകൻ ഇവരാണ് ജലത്തിനായി നിലവിളിക്കുന്നത്. read ഉല്പ: (21:14). അബ്രാം . അപ്പവും, ഒരുതുരുത്തിവെള്ളവും , കൂടാതെ കുട്ടിയേക്കൂടി നൽകി ഇറക്കി വിട്ടു.യജമാനൻ ഇറക്കി വിട്ട ദാസി ഇനി എങ്ങോട്ട്? ആരാണ് ആശ്രയം? എന്ന ചിന്തയാൽ കണ്ണുകാണാതെ , ബുദ്ധിനഷ്ടപ്പെട്ടവളായി ലക്ഷ്യബോധമില്ലാതെ മരുഭൂമിയിൽ അവൾ ഉഴന്നു നടന്നു. ദൈവത്തോടുകൂടെ നടക്കുന്നവർക്ക് ഒരേ ഒരു ലക്ഷ്യമേയുള്ളു. അവിടേക്ക് നടത്തുന്നത് വഴിയും സത്യവും ജീവനുമായ കർത്താവുതന്നെയാണ് . സഹോദരങ്ങളേ! നിങ്ങളുടെ ലക്ഷ്യം ഏതാണ്, ലക്ഷ്യത്തെപ്പറ്റിയുള്ള ഓർമ്മയുണ്ടോ? ഉല്പ :16 ൽ ഈ ഹാഗാർ യജമാനത്തിയെ ഭയന്ന് ലക്ഷ്യമില്ലാതെ ശൂരിനു നേരെ ഓടിയതാണ്, അന്ന് യഹോവ പേർ ചൊല്ലി വിളിച്ച് യജമാനത്തിയുടെ അടുക്കലേക്ക് മടക്കി അയച്ചതാണ്. എന്നെ കണ്ടവനെ ഞാൻ കണ്ടു എന്ന് സാക്ഷിച്ചവൾ ഇന്ന് അത് മറന്നു. അതാണ് ഈ ഉഴന്നു നടപ്പിനു കാരണം. അവൾ മറന്നിട്ടും ദൈവം അവളെ മറന്നില്ല.

You may feel lost and alone , but God knows exactly where you are and He has a good plan for your life .

യഹോവ വഴികാട്ടിയായി കൂടെ ഉണ്ടെങ്കിൽ നിർജ്ജലീകരണം സംഭവിക്കുന്നില്ല .വറ്റാത്ത ഉറവകാട്ടിത്തരുവാൻ അവൻ നമ്മെ വിളിക്കുന്നു. read യെശ (55:1) സങ്കീ(36:9) എന്നാൽ കേട്ടിട്ടും അനുസരിക്കാത്തവരും, വിളിയുടെ ശബ്ദം അവഗണി ക്കുന്നവരെയും പറ്റി ദൈവം പറയുന്നതു കേൾക്കുക. Look ( യിരെ 2:13)

യജമാനൻ നമ്മെ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്ക് നടത്തുന്നു .ഈ ഉറവയി ലെത്തിയാൽ ‘3’ പ്രയോജനങ്ങളുണ്ട്

(1) ആഴമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നു. -യോഹ:(7:37,38)

(2) ആ ഉറവയിലേക്ക് എത്തുന്നവരുടെ കണ്ണുനീർ തുടയ്ക്കുന്നു -വെളി :(7:17)

(3) ജീവിതം ഫലഭൂയിഷ്ഠമാകുന്നു - വെളി (22:1,2) ൽ ഫലമുള്ള ജീവവൃക്ഷം കാണാം. ഇത് എപ്രകാരം പ്രാപ്യമാകും

read ( സദൃ:(3:18) and 3:1,2,9,10)

ബേർശേബാ മരുഭൂമിയിൽ ഉഴന്നു നടന്ന ഹാഗാർ മാത്രമല്ല ബാലനും നിലവിളി ച്ചു. തീർന്നു പോയ തുരുത്തിയിലെ ജലത്തെ ഓർത്ത് കരഞ്ഞ ബാലന്റെ നിലവിളി കേട്ട ദൈവം ഹാഗാറിന്റെ കണ്ണ് തുറന്നു. അപ്പോഴാണ് അവൾക്ക് യഥാർത്ഥ ബുദ്ധിയും കാഴ്ചയും ലഭിച്ചത്. യഹോവ അവളെ മൂന്ന് ദൗത്യങ്ങൾ ഏല്പിച്ചു.

1 നിർജ്ജലീകരണം സംഭവിച്ച വ്യക്തിയുടെ അടുക്കൽ എത്തുക -ഉല്പ ( 21:18)

2 താങ്ങി എഴുന്നേല്പിക്കണം. (21:18)

കൈകൾ കൊണ്ട് ഒരു വ്യക്തിയെ താങ്ങുന്ന നമുക്ക് നാവുകൊണ്ട് ശക്തിപ്പെടുത്തുന്ന വാക്കുകൾ പറയുവാനും കഴിയണം. ഉദാ അപ്പോ:പ്ര (3:3,6,7)

3 തുരുത്തിയിൽ വെള്ളം നിറച്ച് എഴുന്നേല്പിച്ച വ്യക്തിക്ക് നൽകുക (ഉല്പ 21:19 last )

സങ്കീ :(119:18)ൽ പറയുന്നത് “നിന്റെ ന്യായ പ്രമാണത്തിലെ അത്ഭുതങ്ങളെ കാണുന്നതിന് കണ്ണുകളെ തുറക്കേണമേ”എന്നാണ്. കണ്ണുതുറന്ന് നാം ആകുന്ന തുരുത്തിയിൽ നിറച്ചു കഴിഞ്ഞാലേ പങ്കുവയ്ക്കലിന് അവസരം ലഭിക്കുമ്പോൾ പെട്ടെന്ന് പ്രവർത്തിപ്പാൻ കഴിയുകയുള്ളു. ഉദാ: എമ്മൊവുസ്സിലേക്ക് പോയ ശിഷ്യന്മാരുടെ കണ്ണ് യേശു തുറന്ന നാഴികയിൽ തന്നെ “ഉയർപ്പിന്റെ” സന്ദേശവുമായി അവർ യെറുശലേമിലേക്ക് പോയി. ഉയപ്പിന്റെ ദൂത് അവർ പങ്കുവച്ചു. ( ലൂക്കോ :24:30 last 31, 33 )

***മൂന്ന് വിധത്തിൽ പങ്കുവയ്ക്കുന്നവരുണ്ട.്***

1 ഉഴന്നു നടക്കുന്നവരുടെ കൈവശമുള്ളത് പിടിച്ചു വാങ്ങുന്ന കൊള്ളക്കാർ.

2 നീ എങ്ങനെയായലും കുഴപ്പമില്ല , എന്റേതു എനിക്ക് എന്ന് ചിന്തിക്കുന്നവർക്ക് അതാ യതു പങ്കുവയ്ക്കാത്തവർ.

3 എനിക്കുള്ളതെല്ലാം നിനക്ക് ,പോരാത്തതു ഇനി വരുമ്പോൾ തരാം എന്ന വാക്കിൽ ആശ്രയസ്ഥാനത്ത് എത്തിയ്ക്കുന്ന നല്ല മനുഷ്യൻ ഇവരെ ലൂക്കോ (10:30-35) വരെ യുള്ള ഭാഗത്ത് കാണാം. നാം പങ്കുവയ്ക്കുന്നവരോ?കണ്ണ് തുറക്കണേ എന്ന് പ്രാർത്ഥിച്ച് , നാം ആകുന്ന തുരുത്തി ജീവന്റെ ഉറവയിൽ നിന്ന് കോരി നിറച്ച് പങ്കുവയ്ക്കുന്നവരാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

***ശാന്തമ്മ വർഗ്ഗീസ്***

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg